86 (404) സംസ്ഥാനത്തെ വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ വ്യാപകമാകുന്നു എന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പിടിച്ചെടുത്തിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഡ്രൈവിംഗ് ലൈസൻസ് നിബന്ധനകൾ കർശനമാക്കിയതാണ് വ്യാജ ലൈസൻസ് കാർഡുകൾ പ്രചരിക്കാൻ കാരണമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഇ) വ്യാജ ഡ്രൈവിംഗ് ലൈസൻസുകളുടെ വ്യാപനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വ്യാജ ലൈസൻസ് സംബന്ധിച്ച് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല

(ഇ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് സംബന്ധിച്ച് ജോലികൾ പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കുന്നതിലൂടെയും കർശനമായ പരിശോധനകൾ വഴിയും വ്യാജലൈസൻസുകൾ തടയാൻ കഴിയും.

87 (405) സർക്കാർ വാഹനങ്ങളിൽ ചുവപ്പ്, പച്ച ലൈറ്റുകൾ ഉപയോഗിക്കുന്ന നടപടി

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളിൽ ചുവപ്പ്, പച്ച ലൈറ്റുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ചും തിരിച്ചറിയാൻ ബോർഡ് ഉപയോഗിക്കുന്നതു സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നിയമ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്നാണ് ഭേദഗതി വരുത്തി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly